# രക്ഷയുടെ പാതയിൽ



# സഭ : ദൈവത്തിന്റെ ജനം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

8

# ഉള്ളടക്കം


1. സഭ : രക്ഷിക്കപ്പെട്ടവരുടെ സമൂഹം
2. കർത്താവായ ദൈവം
3. സഭ : വിശ്വാസികളുടെ സമൂഹം
4. സഭ : ആത്മാവിനാൽ നയിക്കപ്പെടുന്ന സമൂഹം
5. സഭ : മിശിഹായുടെ ശരീരം
6. സഭ : പുരോഹിതജനം
7. സഭ : പങ്കുവെക്കുന്നവരുടെ സമൂഹം
8. സഭ : പ്രവാചകജനം
9. പ്രേഷിതയായ സഭ
10. തീർത്ഥാടകയായ സഭ
11. സഭ : ഏകമാണ്
12. സഭ : പരിശുദ്ധമാണ്
13. സഭ : ശ്ലൈഹികമാണ്
14. സഭ : സാർവത്രികമാണ്
15. മറിയം സഭയുടെ മാതാവും മാതൃകയും

# പാഠം- 4



## സഭ : ആത്മാവിനാൽ നയിക്കപ്പെടുന്ന സമൂഹം

# സഭ : ആത്മാവിനാൽ നയിക്കപ്പെടുന്ന സമൂഹം

സഭ : ആത്മാവിനാൽ നയിക്കപ്പെടുന്ന സമൂഹം

1. **ആത്മാവിന്റെ പ്രവർത്തനം ആദിമക്രൈസ്തവ സമൂഹത്തിൽ**
2. **പരിശുദ്ധാത്മാവിന്റെ ദാനങ്ങളും വരങ്ങളും ഫലങ്ങളും**
3. **പ്രതിസന്ധികളിലും പീഡനങ്ങളിലും സഭയെ നയിക്കുന്ന പരിശുദ്ധാത്മാവ്**
4. **പരിശുദ്ധാത്മാവിന്റെ ആലയം**
5. **ആത്മാവിനാൽ നയിക്കപ്പെടാൻ**
6. കൂദാശകളിലൂടെ ആത്മാവു നൽകപ്പെടുന്നു

## ആത്മാവിനാൽ നയിക്കപ്പെടുന്ന ജനം

- പരിശുദ്ധാത്മാവു വരുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും.
- പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ശിഷ്യസമൂഹം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കുപോയി സുവിശേഷം അറിയിച്ചു.

# ആത്മാവിന്റെ പ്രവർത്തനം ആദിമക്രൈസ്തവ സമൂഹത്തിൽ

- ദൈവാത്മാവ് നേരിട്ട് ശ്ലീഹന്മാരെ നയിക്കുകയും അവരോടു സംസാരിക്കുകയും തീരുമാനങ്ങൾ എടുക്കുവാൻ സഹായിക്കുകയും ചെയ്യുന്നു.
- അവർ എങ്ങോട്ടു പോകണം, എന്തുചെയ്യണം എന്നു നിർദ്ദേശിച്ചു കൊടുക്കുന്നു.
- അവരുടെകൂടെ വസിച്ച് അവരെ ധൈര്യപ്പെടുത്തുകയും ഉത്സാഹഭരിതരും സന്തോഷമാനസരുമാക്കുകയും ചെയ്യുന്നു.

: ആത്മാവിനാൽ നയിക്കപ്പെടുന്ന സമൂഹ

## പരിശുദ്ധാത്മാവിന്റെ ദാനങ്ങളും വരങ്ങളും ഫലങ്ങളും

- പരിശുദ്ധാത്മാവിനാൽ മിശിഹായിൽ പണിതുയർത്തപ്പെട്ട ദൈവത്തിന്റെ ആലയമാണ് സഭ.
- പരിശുദ്ധാത്മാവ് വിശ്വാസികൾക്ക് നൽകുന്ന ഫലങ്ങൾ ഏവയെന്ന് വിശുദ്ധ പൗലോസ്ശ്ലീഹാ പറയുന്നുണ്ട്.
- അവ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം, സഹനശക്തി, വിശുദ്ധി, മിതത്വം എന്നിവയാണ്.
- പരിശുദ്ധാത്മാവ് ഇവയെല്ലാം നൽകുന്നത് സഭയെ പണിതുയർത്തുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും വേണ്ടിയാണ്.

## പ്രതിസന്ധികളിലും പീഡനങ്ങളിലും സഭയെ നയിക്കുന്ന പരിശുദ്ധാത്മാവ്

- പ്രതിസന്ധികളിലും പീഡനങ്ങളിലും സഭയെ പരിശുദ്ധാത്മാവ് നയിക്കുന്നു.
- സഭയെ പീഡിപ്പിച്ചിരുന്ന സാവൂളിനെ മാനസാന്തരത്തിലേയ്ക്കു നയിച്ചതും തീക്ഷ്ണമതിയായ സുവിശേഷപ്രഘോഷകനാക്കി മാറ്റിയതും പരിശുദ്ധാത്മാവാണ്.
- ഈശോയ്ക്കുവേണ്ടി രക്തസാക്ഷിയാകാൻ പൗലോസായി ത്തിർന്ന സാവൂളിനു ശക്തി നൽകിയതും പരിശുദ്ധാത്മാവുതന്നെയാണ്

# പരിശുദ്ധാത്മാവിന്റെ ആലയം

- നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവു നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾക്കറിഞ്ഞുകൂടെ? ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കുന്നു. എന്തെന്നാൽ ദൈവത്തിന്റെ ആലയം പരിശുദ്ധമാകുന്നു. ആ ആലയം നിങ്ങൾ തന്നെയാണ്.
- നാം ദൈവത്തിന്റെ ആലയമായിത്തീരുന്നത് ദൈവാത്മാവു നമ്മിൽ വസിക്കുന്നതുകൊണ്ടാണ്.

# ആത്മാവിനാൽ നയിക്കപ്പെടാൻ

- നന്മ ചെയ്യാനും തിന്മയൽനിന്നു അകന്നിരിക്കാനുമുള്ള ഓരോ പ്രചോദനവും പരിശുദ്ധാത്മാവ് നമ്മിൽ ഉണർത്തുന്നതാണ്.
- ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരാണ് ദൈവമക്കൾ.
- അടിമത്തത്തിന്റെ ആത്മാവിനെയല്ല, ദൈവത്തെ അബാ, പിതാവേ എന്നു വിളിക്കാൻ നമ്മെ പ്രാപ്തരാക്കുന്ന പുത്രസ്വീകാരത്തിന്റെ ആത്മാവിനെയാണ് ദൈവം നമുക്ക് നൽകിയിരിക്കുന്നത്.

## കൂദാശകളിലൂടെ ആത്മാവു നൽകപ്പെടുന്നു

- ഓരോ കൂദാശയിലും നാം പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നുണ്ട്.

## സഭ : ആത്മാവിനാൽ നയിക്കപ്പെടുന്ന സമൂഹം

- വിശുദ്ധ കുർബാനയിലും സവിശേഷമാംവിധം പരിശുദ്ധാത്മാവ് നമ്മിൽ വർഷിക്കപ്പെടുന്നുണ്ട്.
- പാപത്താൽ നഷ്ടമായ ആത്മീയജീവൻ അനുരഞ്ജനകൂദാശയിലൂടെ നമുക്ക് വീണ്ടും ലഭിക്കുന്നു.
- രോഗീലേപനംവഴി രോഗശാന്തിയും പാപമോചനവും സഹനശക്തിയും ആത്മാവു നമുക്കു നൽകുന്നു.
- തിരുപ്പട്ടക്കൂദാശയിൽ മിശിഹായുടെ രാജകീയ, പ്രവാചക, പുരോഹിത ദൗത്യങ്ങളിൽ പങ്കുപറ്റി ദൈവജനത്തിന് ശുശ്രൂഷ ചെയ്യാനുള്ള പ്രത്യേകമായ കൃപാവരം വർഷിക്കപ്പെടുന്നു.
- വിവാഹകൂദാശയിൽ കുടുംബജീവിതത്തിന്റെ കടമകൾ നിറവേറ്റാൻവേണ്ട കൃപാവരം പരിശുദ്ധാത്മാവ് നൽകുന്നു.

## എന്റെ തീരുമാനം

പരിശുദ്ധാത്മാവിന്റെ
പ്രേരണകൾക്കനുസരിച്ച്
ഞാൻ ജീവിക്കും.


ഓർക്കാൻ ഒരു തിരുവചനം
“നിങ്ങളെ വീണ്ടും
ഭയത്തിലേക്കു നയിക്കുന്ന
അടിമത്തത്തിന്റെ
ആത്മാവിനെയല്ല, മറിച്ച്
പുത്രസ്വീകാരത്തിന്റെ
ആത്മാവിനെയാണ് നിങ്ങൾ
കൈക്കൊണ്ടിരിക്കുന്നത്.”

## നമ്മുക്കു പ്രാർത്ഥിക്കാം

സത്യത്തിന്റെ വഴിയിലൂടെ ഞങ്ങളെ
നടത്തുവാൻ സത്യാത്മാവിനെ
ഞങ്ങൾക്കു വാഗ്ദാനം ചെയ്ത
മിശിഹായെ, ആത്മാവിന്റെ പ്രചോദനം
അനുസരിച്ച് ജീവിക്കുവാൻ ഞങ്ങളെ
അനുഗ്രഹിക്കണമെ.



